# കേരള നിയമസഭ
# 10.04.2013-ലെ മറുപടിക്ക്

2012 -2013 സാമ്പത്തികവര്‍ഷത്തെ
മുനിസിപ്പാലിറ്റി - കോര്‍പ്പറേഷനുകളുടെ പദ്ധതി വിഹിതം

3556

## ശ്രീ. കോടിയേരി ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2012 -2013 സാമ്പത്തിക വര്‍ഷത്തെ മുനിസിപ്പാലിറ്റി - കോര്‍പ്പറേഷനുകളുടെ പദ്ധതി വിഹിതം എത്രയായിരുന്നു;

(ബി) ഇതുവരെ പ്രസ്തുതയിനത്തില്‍ എന്തു തുക ചെലവഴിച്ചെന്ന് ശതമാനാടിസ്ഥാനത്തില്‍ വ്യക്തമാക്കുമോ;

(സി) മുനിസിപ്പാലിറ്റി - കോര്‍പ്പറേഷനുകളുടെ പദ്ധതി നിര്‍വ്വഹണത്തിനുള്ള സമയപരിധി നീട്ടി നല്‍കിയിട്ടുണ്ടോ; എന്നുവരെയാണ് നീട്ടിനല്‍കിയതെന്ന് വ്യക്തമാക്കുമോ;

(ഡി) സമയപരിധി നീട്ടിനല്‍കിയിട്ടില്ലെങ്കില്‍ മുനിസിപ്പല്‍ കോര്‍പ്പറേഷനുകള്‍ക്ക് പ്രസ്തുതയിനത്തില്‍ എത്ര തുക നഷ്ടപ്പെടുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>കോര്‍പ്പറേഷന്‍/മുനിസിപ്പാലിറ്റികളുടെ പദ്ധതിവിഹിതം</u>

3557 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2012-13 സാമ്പത്തിക വര്‍ഷം സംസ്ഥാനത്തെ കോര്‍പ്പറേഷന്‍/മുനിസിപ്പാലിറ്റികളുടെ പദ്ധതി വിഹിതം എത്ര കോടി രൂപയായിരുന്നു;

(ബി) ആയതില്‍ 2013 മാര്‍ച്ച് 31 വരെ എത്ര കോടി രൂപ ചെലവഴിച്ചു; പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനമാണ് ആകെ ചെലവഴിച്ചത്;

(സി) പദ്ധതിവിഹിതം പൂര്‍ണ്ണമായി ചെലവഴിക്കാത്ത കോര്‍പ്പറേഷന്‍/മുനിസിപ്പാലിറ്റികള്‍ക്ക് വ്യവസ്ഥകളുടെ അടിസ്ഥനത്തില്‍ എന്നുവരെ ആയത് ചെലവഴിക്കാം; വിശദമാക്കുമോ;

(ഡി) യഥാസമയം ഫണ്ട് അനുവദിക്കാത്തതും, അംഗീകാരം നല്‍കുന്നതില്‍ വരുത്തിയ മാറ്റങ്ങളുമാണ് പദ്ധതി നിര്‍വ്വഹണം തടസ്സപ്പെടുവാന്‍ ഇടയാക്കിയത് എന്ന വസ്തുത ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ ആയത് പരിഹരിക്കുവാന്‍ എന്ത് നടപടിയാണ് സ്വീകരിക്കുവാന്‍ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) 2013-14 സാമ്പത്തിക വര്‍ഷം കോര്‍പ്പറേഷന്‍/മുനിസിപ്പാലിറ്റികളുടെ പദ്ധതി വിഹിതം എത്രയാണെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

മുനിസിപ്പാലിറ്റികൾക്കായി ബൃഹത് വികസനപദ്ധതി

3558 ശ്രീ. ബെന്നി ബഹനാൻ
,, സി. പി. മുഹമ്മദ്
,, റ്റി. എൻ. പ്രതാപൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ മുനിസിപ്പാലിറ്റികളേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ബൃഹത്തായ ഒരു വികസനപദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത പദ്ധതിക്ക് ലഭിക്കുന്നത്;

(ഡി) പ്രസ്തുത പദ്ധതിയുടെ അടങ്കൽത്തുക എത്രയാണെന്നറിയിക്കുമോ?

# കേരള നിയമസഭ
## 10.04.2013–ലെ മറുപടിക്ക്

ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷൻ

3559 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, കെ. അച്ചുതൻ
,, കെ. മുരളീധരൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) നഗരവികസനത്തിനായി എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(സി) സംസ്ഥാനത്ത് നടപ്പാക്കുന്ന പ്രസ്തുത പദ്ധതിക്ക് എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ലഭിക്കുന്നത്;

(ഡി) പ്രസ്തുത പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

കേരള സസ്റ്റൈനബിൾ അർബൻ ഡവലപ്മെന്റ് പ്രോജക്ട്

3560 ശ്രീ. വർക്കല കഹാർ
,, വി. പി. സജീന്ദ്രൻ
,, ഹൈബി ഈഡൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സസ്റ്റൈനബിൾ അർബൻ ഡവലപ്മെന്റ് പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) നഗരവികസനത്തിനായി എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പ്രോജക്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) പ്രസ്തുത പദ്ധതിക്കായി എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ലഭിക്കുന്നത്;

(ഡി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 10.04.2013-ലെ മറുപടിക്ക്

<u>യു. ഐ. ഡി. എസ്. എസ്. എം. റ്റി. പദ്ധതി</u>

3561

ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യു. ഐ. ഡി. എസ്. എസ്. എം. റ്റി. പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി വിവിധ നഗരസഭകളിൽ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതി പ്രവർത്തനങ്ങൾ കാലതാമസം കൂടാതെ പൂർത്തീകരിക്കുന്നതിനും കേന്ദ്ര സർക്കാരിൽ നിന്ന് യഥാസമയം ഫണ്ട് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ഡി) യു. ഐ. ഡി.എസ്. എസ്. എം. റ്റി. പദ്ധതി പ്രകാരം ആലപ്പുഴ നഗരസഭയിൽ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഇ) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിൽ എന്തെങ്കിലും തടസ്സങ്ങൾ നേരിടുന്നുണ്ടോ; എങ്കിൽ പ്രസ്തുത തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത പദ്ധതി കാലതാമസം കൂടാതെ പൂർത്തീകരിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>നഗരശുചിത്വം</u>

3562 ശ്രീ. ആർ. സെൽവരാജ്
,, എം. പി. വിൻസന്റ്
,, എ. റ്റി. ജോർജ്
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്

**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും**
**വകുപ്പുമന്ത്രി**

സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗരശുചിത്വം ഉറപ്പാക്കാൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതി</u>

3563 ശ്രീ. അൻവർ സാദത്ത്
,, ഐ. സി. ബാലകൃഷ്ണൻ
,, എം. പി. വിൻസെന്റ്
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ ഉറവിട മാലിന്യ സംസ്കരണ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>ദ്രവമാലിന്യ സംസ്ക്കരണ പ്ലാന്റുകൾ</u>

3564 ശ്രീ. ജോസഫ് വാഴക്കൻ
,, കെ. അച്ചുതൻ
,, വർക്കല കഹാർ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ ദ്രവമാലിന്യ സംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 10.04.2013–ലെ മറുപടിക്ക്

<u>അനധികൃത കെട്ടിട നിർമ്മാണങ്ങൾ ക്രമപ്പെടുത്തുന്നതിന് നടപടി</u>

3565

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
,, സി. മോയിൻകുട്ടി
,, എൻ. ഷംസുദ്ദീൻ
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അനധികൃത കെട്ടിട നിർമ്മാണങ്ങളും നേരിയ ചട്ടലംഘനങ്ങൾ വരുത്തിയിട്ടുള്ള നിർമ്മാണങ്ങളും ക്രമപ്പെടുത്തുന്നത് സംബന്ധിച്ച് എന്തെങ്കിലും നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(ബി) ആയത് സംബന്ധിച്ച വിശദവിവരം നൽകുമോ;

(സി) പ്രസ്തുത നിർമ്മാണങ്ങൾ സംബന്ധിച്ച കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ;

(ഡി) പ്രസ്തുത തരത്തിലുള്ള നിർമ്മാണങ്ങൾ ഭാവിയിൽ ഉണ്ടാകാതിരിക്കാൻ കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ പ്രായോഗിക ഭേദഗതികൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 10.04.2013–ലെ മറുപടിക്ക്

'സിയാൽ മാതൃക'യിൽ കമ്പനികൾ രൂപീകരിക്കുന്ന നടപടി

3566 ശ്രീ. എളമരം കരീം
,, കെ.കെ. നാരായണൻ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ.എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബസ്ഷെൽട്ടറുകൾ, കുടിവെള്ള വിതരണം, പൊതു ടോയ്ലറ്റുകൾ, നഗരശുചിത്വം എന്നിവയുടെ നടത്തിപ്പിനായി 'സിയാൽ മാതൃക'യിൽ നാലു കമ്പനികൾ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ആവശ്യങ്ങൾക്കായി 2012–13 ലെ ബജറ്റിൽ വകയിരുത്തിയിരുന്ന തുക എത്ര; പ്രസ്തുത തുകയിൽ നിന്ന് ഇതുവരെ ചെലവഴിച്ച തുക എത്ര; ഈ വർഷം എന്തു തുക ചെലവഴിക്കാനുദ്ദേശിക്കുന്നു എന്നിവ വ്യക്തമാക്കുമോ;

(സി) പ്രസ്തുത ആവശ്യങ്ങൾക്കായി രൂപീകരിച്ച കമ്പനികൾ ഏതൊക്കെയാണെന്നും നാളിതുവരെ പ്രസ്തുത കമ്പനികൾ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ;

(ഡി) പ്രസ്തുത കമ്പനികളിൽ ഓരോന്നിലും സർക്കാർ പങ്കാളിത്തം എത്ര കോടിയുടേതാണ്; ആയതിന്റെ ഘടനയും പ്രവർത്തനവും വിശദമാക്കുമോ;

(ഇ) നടപ്പുവർഷം പ്രസ്തുത കമ്പനികൾ നിർവ്വഹിക്കാനുദ്ദേശിക്കുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കുമോ ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

**അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിക്കായി നീക്കിവച്ച തുകയുടെ വിനിയോഗം**

3567 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി പ്രകാരം ഏതെല്ലാം നഗരസഭകൾക്ക് 2012-13 ലെ പദ്ധതി വിഹിതം അനുവദിച്ചെന്നും ഓരോ നഗരസഭയ്ക്കും എന്ത് തുക വീതം അനുവദിച്ചെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത നഗരസഭകൾ ഓരോന്നിന്റെയും ഭൗതികലക്ഷ്യവും സാമ്പത്തികലക്ഷ്യവും എത്രയായിരുന്നുവെന്നറിയിക്കുമോ ;

(സി) പ്രസ്തുത നഗരസഭകൾ ഓരോന്നും എത്രമാത്രം ഭൗതിക ലക്ഷ്യവും സാമ്പത്തികലക്ഷ്യവും കൈവരിച്ചുവെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 10.04.2013-ലെ മറുപടിക്ക്

<u>അയ്യൻകാളി തൊഴിലുറപ്പു പദ്ധതി</u>

3568 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അയ്യൻകാളി തൊഴിലുറപ്പുപദ്ധതി സംസ്ഥാനത്ത് ഫലപ്രദമായി നടപ്പാക്കുന്നുണ്ടോയെന്നറിയിക്കുമോ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പ്രദേശങ്ങളിൽ പ്രസ്തുത പദ്ധതി നടപ്പാക്കുന്നുണ്ട്;

(സി) ഏതെല്ലാം തൊഴിലുകളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; എത്ര തൊഴിൽ ദിനം വരെ ലഭിച്ചിട്ടുണ്ട്;

(ഡി) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ ധനസഹായം ലഭിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 10.04.2013-ലെ മറുപടിക്ക്

<u>ബിൽഡിംഗ് പെർമിറ്റ് നൽകുന്നതിനുള്ള അനുവാദം</u>

3569 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭ ഗ്രീൻ സ്ട്രിപ്പിൽ ഉൾപ്പെടുന്ന പ്രദേശങ്ങൾ ഏതു രേഖയുടെ അടിസ്ഥാനത്തിലാണ് കണക്കാക്കുന്നത്;

(ബി) പ്രസ്തുത രേഖ എത്ര വർഷത്തിന് മുൻപ് പുറപ്പെടുവിച്ചതാണ്;

(സി) പ്രസ്തുത മാസ്റ്റർ പ്ലാനിൽ ഇപ്പോൾ മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ പുതുക്കിയ മാസ്റ്റർ പ്ലാൻ എന്നത്തേക്ക് പുറപ്പെടുവിക്കും എന്ന് വ്യക്തമാക്കുമോ;

(ഡി) ശ്രീ.കെ. മധുസൂദനൻ തിരുവനന്തപുരം നഗരസഭയിൽ നൽകിയ ബിൽഡിംഗ് ആപ്ലിക്കേഷൻ തിരുവനന്തപുരം റീജിയണൽ ടൗൺ പ്ലാനിംഗ് ഓഫീസിലേക്ക് അയച്ചതിന്റെ നം. ഇ/438/13 എന്ന ഫയലിൽ ആർ.റ്റി.പി നൽകിയിരിക്കുന്ന റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത ഫയലിൽ തീർപ്പുകൽപ്പിക്കാൻ ആർ.റ്റി.പിക്ക് അധികാരമില്ലാത്തതിന്റെ കാരണം വ്യക്തമാക്കുമോ:

(എഫ്) ആർ.റ്റി.പിക്ക് ആർ.എ1/4545/2011/എൽ.എസ്.ജി.ഡി നമ്പർ സർക്കുലർ പ്രകാരം പ്രസ്തുത ഫയലിൽ തീർപ്പുകൽപ്പിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കുമോ; മേൽപറഞ്ഞ സർക്കുലർ പ്രകാരം പ്രസ്തുത ഫയലിൽ തീരുമാനം കൈക്കൊള്ളാൻ വേണ്ട നടപടി സ്വീകരിക്കുമോ;

(ജി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ചീഫ് ടൗൺ പ്ലാനറുടെ ഓഫീസിലുള്ള ഡി3/2580/2013 എന്ന ഫയലിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ പ്രസ്തുത ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

(എച്ച്) പ്രസ്തുത ഫയലിന്മേൽ എന്നത്തേക്ക് തീരുമാനമെടുക്കാനാകും എന്ന് അറിയിക്കുമോ;

(ഐ) ചീഫ് ടൗൺ പ്ലാനർക്ക് ആർ.എ1/4545/2011 നമ്പർ എൽ.എസ്.ജി.ഡി ഉത്തരവ് പ്രസ്തുത ഫയലിൽ ബാധകമാണോ എന്ന് വ്യക്തമാക്കുമോ;

(ജെ) പ്രസ്തുത ഉത്തരവനുസരിച്ച് ബിൽഡിംഗ് പെർമിറ്റ് നൽകുവാനുള്ള അധികാരം ആർക്കാണ് എന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

ഗുരുവായൂർ നഗരസഭയെ ഒന്നാം ഗ്രേഡ് നഗരസഭയാക്കി ഉയർത്തിയ നടപടി

3570 **ശ്രീ.കെ. വി. അബ്ദുൾ ഖാദർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നഗരസഭയെ ഒന്നാം ഗ്രേഡ് നഗരസഭയാക്കി ഉയർത്തിക്കൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവ് പ്രകാരം ഗുരുവായൂർ നഗരസഭയ്ക്കുണ്ടാകുന്ന സാമ്പത്തിക നേട്ടങ്ങൾ വിശദമാക്കുമോ;

(സി) ഒന്നാം ഗ്രേഡ് നഗരസഭയാക്കി ഉയർത്തിയതുമൂലം കൂടുതൽ തസ്തികകൾ നഗരസഭയ്ക്ക് ലഭ്യമാകുമോ;

(ഡി) ഒന്നാം ഗ്രേഡ് നഗരസഭയായതുമൂലം പ്രസ്തുത നഗരസഭയുടെ നികുതി വരുമാനം, പ്ലാൻഫണ്ട് മുതലായവയിൽ വർദ്ധനവ് ഉണ്ടാകുമോ;

(ഇ) ഗുരുവായൂർ നഗരസഭയെ ഒന്നാം ഗ്രേഡാക്കി ഉയർത്തിയതുമൂലം പ്രസ്തുത നഗരസഭയ്ക്കുണ്ടാവുന്ന നേട്ടങ്ങൾ വിശദമാക്കുമോ?

# കേരള നിയമസഭ
# 10.04.2013–ലെ മറുപടിക്ക്

<u>അയ്യപ്പഭക്തൻമാർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാനായി ചെങ്ങന്നൂർ നഗരസഭയ്ക്ക് അനുവദിച്ച തുക</u>

3571 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ശബരിമല തീർത്ഥാടന കാലത്ത് അയ്യപ്പഭക്തൻമാർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാനായി ചെങ്ങന്നൂർ നഗരസഭയ്ക്ക് എത്ര രൂപയാണ് പ്രത്യേകമായി അനുവദിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഗുരുവായൂർ നഗരസഭയ്ക്ക് പ്രസ്തുത ആവശ്യത്തിലേയ്ക്കായി പ്രത്യേക തുക അനുവദിച്ചിരുന്നോ;

(സി) പ്രസ്തുത ആവശ്യം സംബന്ധിച്ചുള്ള ഗുരുവായൂർ നഗരസഭ ചെയർമാന്റെ അപേക്ഷയിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.04.2013–ലെ മറുപടിക്ക്

<u>തിരൂർ മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ</u>

3572 ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരകാര്യവകുപ്പ് 2013–14 വർഷത്തിൽ തിരൂർ നിയോജക മണ്ഡലത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കേന്ദ്ര, സംസ്ഥാന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

(ബി) നഗരകാര്യവകുപ്പ് തിരൂർ മണ്ഡലത്തിൽ 2011–12, 2012–13 വർഷങ്ങളിൽ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>കണ്ടിൻജന്റ് ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി</u>

3573

### ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നഗരസഭയിലെ വിവിധ ശുചീകരണ പ്രവർത്തനങ്ങൾക്കായി എത്ര സ്ഥിരം ജീവനക്കാരാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ജീവനക്കാരെ ഉപയോഗിച്ച് ശുചീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന് കഴിയുമെന്ന് കരുതുന്നുണ്ടോ;

(സി) കൽപ്പറ്റ നഗരസഭയിൽ കണ്ടിൻജന്റ് വിഭാഗത്തിൽ എത്ര പേർ തൊഴിലെടുക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ജീവനക്കാർ എത്ര കാലമായി കണ്ടിൻജന്റ് ജീവനക്കാരായി ജോലി ചെയ്യുന്നുവെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.04.2013–ലെ മറുപടിക്ക്

<u>ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയുടെ വികസനം</u>

3574 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യത്തിന്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയുടെ വികസനത്തിനായി പ്രസ്തുത മുനിസിപ്പാലിറ്റി സമർപ്പിച്ചിട്ടുള്ള പ്രോജക്ടിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>ന്യൂനപക്ഷ കമ്മീഷൻ ചെലവഴിച്ച തുക</u>

3575 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2011-2012, 2012-2013 വർഷങ്ങളിൽ ന്യൂനപക്ഷ കമ്മീഷൻ ഏതെല്ലാമിനങ്ങളിലായി എത്ര തുക വീതം ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>ന്യൂനപക്ഷക്ഷേമ വകുപ്പിലെ ജീവനക്കാർ</u>

3576 ശ്രീ.കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമ വകുപ്പിന് ജില്ലാതലത്തിൽ ഓഫീസുകൾ ആരംഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദവിവരങ്ങൾ നൽകുമോ;

(ബി) ന്യൂനപക്ഷ ക്ഷേമവകുപ്പിൽ ഏതെങ്കിലും ജീവനക്കാരൻ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലിചെയ്യുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) വിവിധ കാറ്റഗറികളിലായി എത്ര ജിവനക്കാർ പ്രസ്തുത വകുപ്പിൽ ജോലി ചെയ്യുന്നുവെന്നുള്ള വിവരം നൽകുമോ?

# കേരള നിയമസഭ
# 10.04.2013-ലെ മറുപടിക്ക്

<u>ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട മിശ്രവിവാഹിതർക്കുള്ള ധനസഹായം</u>

3577 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട മിശ്രവിവാഹിതർക്ക് നൽകിവരുന്ന ധനസഹായം ഏത് കാലയളവു മുതൽ നൽകുവാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) എറണാകുളം ജില്ലയിൽ പ്രസ്തുത ധനസഹായം ലഭിക്കുന്നതിന് 2012-2013 സാമ്പത്തിക വർഷം അപേക്ഷിച്ചവർ എത്രയെന്നും ആയതിൽ അർഹരായവർ എത്രയെന്നും എത്രപേർക്ക് എന്നു മുതൽ ധനസഹായം വിതരണം ചെയ്യുവാൻ ബാക്കിയുണ്ടെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

ന്യൂനപക്ഷവിഭാഗങ്ങളിലെ സ്ത്രീകൾക്കുള്ള തൊഴിൽ, വിദ്യാഭ്യാസ സഹായങ്ങൾ

3578 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷവിഭാഗങ്ങളിൽപ്പെട്ട സ്ത്രീകൾക്കും പെൺകുട്ടികൾക്കും വിദ്യാഭ്യാസ കാര്യങ്ങൾക്കും തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടുന്നതിനും എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സഹായങ്ങൾ ഓരോന്നും അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ?